**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **12-07-2022 - ൽ മറുപടിയ്ക്ക്**

**മണിമല മുക്കടയിലെ ഭൂമി ഉപയോഗപെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മണിമല മുക്കടയിൽ പട്ടികജാതി വകുപ്പിന്റെ ഉടമസ്ഥതയിൽ ഒന്നരയേക്കറോളം ഭൂമി ഉപയോഗിക്കാതെ വെറുതെയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണിമല മുക്കടയിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ കമ്മ്യൂണിറ്റിഹാൾ സ്ഥിതി ചെയ്യുന്ന 1.25 ഏക്കർ സ്ഥലം ഉണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സ്ഥലത്തിനു സമീപം മുൻപ് കോരുത്തോട് പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഹോസ്റ്റൽ പ്രവർത്തനത്തിന് മതിയായ കുട്ടികളെ കിട്ടാത്തതിനാൽ അത് പ്രവർത്തനം നിർത്തുകയാണ് ഉണ്ടായത് . |
| (സി) | ഒരു പദ്ധതിക്കും പ്രസ്തുത സ്ഥലം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ആവശ്യമുള്ള മറ്റ് വകുപ്പുകൾക്ക് പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിനോ സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ അനുമതി നൽകാമോ; വ്യക്തമാക്കുമോ? | (സി) | വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം മറ്റേതെങ്കിലും വകുപ്പുകൾക്ക് നൽകുന്ന കാര്യം പരിഗണനയിലില്ല. ഈ സ്ഥലം വകുപ്പിന്റെ മറ്റെന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ